**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.**

**സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030**

**ഫോൺ: 0484 – 2422219, ഇ-മെയിൽ :** jdlsgdekm@gmail.com

നമ്പർ: LSGD/JD/EKM/8310/2024-D5 **തീയതി: 15-10-2024**

**ജോയിന്റ് ഡയറക്ടർ**

**സെക്രട്ടറി**
തൃപ്പൂണിത്തുറ നഗരസഭ കാര്യാലയം

സർ,

**വിഷയം :-** സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് വെബ് സൈറ്റ് പോർട്ടൽ മുഖാന്തരം- സിൽവർ സാന്റ് എ്െലന്റ് വൈറ്റില എന്ന അപ്പാർട്ട്മെന്റിന്റെ ഒക്്യൂപൻസി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ശ്രീ സജി തോമസ് സമർപ്പിച്ച പരാതി സംബന്ധിച്ച്

**സൂചന :-** 1 ) സിറ്റിസൺ അസിസ്റ്റന്റ് വെബ് സൈറ്റ് പോർട്ടൽ മുഖേന 27/07/2024 ൽ നൽകിയ BPEKM10194000003 ഡോക്കറ്റ് നം പരാതി.

2 ) സിറ്റിസൺ അസിസ്റ്റന്റ് വെബ് സൈറ്റ് പോർട്ടലിൽ ലഭിച്ച പരാതിയിന്മേൽ 16/09/2024 ൽ ഉപജില്ലാ സമിതി -3 നൽകിയ റിപ്പോർട്ട്.

3) 03/10/2024 തീയതിയിലെ സിറ്റിസൺ അസിസ്റ്റന്റ് ജില്ലാതല അദാലത്ത് തീരുമാനം.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

**ശ്രീ.സജി തോമസ്** എന്നയാൾ സിൽവർ സാന്റ് ഐലന്റ് വൈറ്റില അപ്പാർട്ട്മെന്റ് അപകടാവസ്ഥയിലാണെന്നും, പെർ മിറ്റ് , ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് സിറ്റിസൺ അസിസ്റ്റന്റ് അദാലത്ത് പോർട്ടൽ മുഖേന സൂചന (1) പ്രകാരം പരാതി നൽകിയിരുന്നു. ആയത് പ്രകാരം ഉപജില്ലാ സമിതി നടത്തിയ പരിശോധനയിൽ ടി കെട്ടിടസമുച്ചയത്തിന് ബിൽഡിംഗ് പെർമിറ്റ് , ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ നൽകിയത് നിയമാനുസൃതമല്ലെന്നും ആയതിനാൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് റദ്ദാക്കാവുന്നതാണെന്നും സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ പരാതിയിൽ പറയുന്ന നിർമാണത്തിന്റെ occupancy റദ്ദുചെയ്യുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതും, ടി വിഷയത്തിൽ സ്വീകരിച്ച നടപടിയുടെ വിശദമായ റിപ്പോർട്ട് 7 **ദിവസത്തിനകം ഈ കാര്യാലയത്തിൽ** ലഭ്യമാക്കുന്നതിനും, സിറ്റിസൺ അദാലത്ത് ജില്ലാതല സമിതിയുടെ അടുത്ത മീറ്റിംഗിൽ നഗരസഭ സെക്രട്ടറി നേരിൽ ഹാജരായി വിശദാംശങ്ങൾ അറിയിക്്ുന്നതിനും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

കൺവീനർ & അസിസ്റ്റന്റ് ഡയറക്ടർ
സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് ജില്ലാ സമിതി

Signed by
Subrahmanian K K
Date: 15-10-2024 15:01:56

SUBRAHMANIAN K K
ASSISTANT DIRECTOR